(9) ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട വേളൂർക്കര പഞ്ചായത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി ആറ് കൊല്ലങ്ങൾക്കുമുൻപ് തുടങ്ങിയതാണ്. മൂന്നുകൊല്ലം മുൻപ് ഇതിന്റെ പണി പൂർത്തിയായി. 80 ലക്ഷം രൂപയോളം ഇതിനകം ചെലവഴിച്ചു. കുറച്ചു പൈപ്പുകൾ കിട്ടാത്തതുമൂലം പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ഇറിഗേഷൻ വകുപ്പിന്റെ കെടുകാര്യസ്ഥതമൂലമാണ് തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് കാലതാമസമുണ്ടായത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് ഇതുപോലെ പ്രവർത്തനം തുടങ്ങാത്ത നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. കൊടകര നിയോജകമണ്ഡലത്തിൽപ്പെട്ട പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് 20 വർഷം കഴിഞ്ഞു. മൂന്ന് മോട്ടോറുകൾ വയ്ക്കാത്തതുകൊണ്ട് ഈ പദ്ധതി പ്രവർത്തിച്ചിട്ടില്ല. ഇത്തരം കാലതാമസങ്ങളൊഴിവാക്കി പദ്ധതികൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ലിഫ്റ്റ് ഇറിഗേഷന്റെ പണിയൊക്കെ പൂർത്തിയാക്കാൻ സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാനും അഭ്യർത്ഥിക്കുന്നു. ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ വേളൂർക്കര പഞ്ചായത്തിലെ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അവിടത്തെ ഗ്രാമത്തിലേക്ക് ജലസേചന സൗകര്യമേർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്. 1994 മാർച്ചിൽ പദ്ധതിക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി പണികൾ ആരംഭിച്ചു. നബാർഡിന്റെ സഹായവും ഇതിന് ലഭിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനും മോട്ടോറും പമ്പും വാങ്ങി സ്ഥാപിക്കുകയെന്നത് ഒഴിച്ച് ബാക്കിയെല്ലാ പണികളും കഴിഞ്ഞു. ഇലക്ട്രിഫിക്കേഷനുള്ള കാലതാമസവും ആവശ്യമായ പമ്പും മോട്ടോറും ലഭ്യമാക്കാനുള്ള ചില സാങ്കേതിക തടസ്സങ്ങളും കാരണമാണ് പദ്ധതിയുടെ പൂർത്തീകരണം മുടങ്ങിയത്. ഈ ഏപ്രിൽ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിച്ച് ജലസേചന സൗകര്യമേർപ്പെടുത്താൻ കഴിയും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ചെറുകിട ജലസേചന പദ്ധതികളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്ത ഒരു സ്ഥിതിയാണ് കഴിഞ്ഞ രണ്ടു വർഷമായി നിലനിൽക്കുന്നത്.

(10) തണ്ണീർമുക്കം ബണ്ടിന്റെ 31 ഷട്ടറുകൾ പുതുക്കി സ്ഥാപിക്കുന്നത് സംബന്ധിച്ച്

ഡോ. കെ. സി. ജോസഫ് : സർ, കുട്ടനാട് മേഖലയിൽ 1,35,000 ഏക്കർ നെൽകൃഷി ഓരുവെള്ളം കയറി നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് തണ്ണീർമുക്കം ബണ്ടുണ്ടാക്കിയത്. അതിൽ 62 ഷട്ടറുകൾ കേടായത് അടിയന്തിരമായി റിപ്പയർ ചെയ്യണമെന്നുള്ള പൊതുവായ ആവശ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ രണ്ടു വർഷം മുൻപ് ഗവൺമെന്റ് വളരെ വേഗതയിൽ നടപടികൾ സ്വീകരിക്കുകയും ഷട്ടറുകൾ മാറ്റുന്നതിനുവേണ്ടി ഉത്തരവിടുകയും ചെയ്തു. അതിന്റെ ഒന്നാംഘട്ടമെന്നുള്ള നിലയിൽ 31 ഷട്ടറുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ഷട്ടറുകൾ മാറ്റിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിലെ ഷട്ടറുകൾ മാറ്റുന്നതിനുള്ള ടെൻഡറുകൾ വിളിച്ചുവെങ്കിലും ആ ടെൻഡറുകൾ അംഗീകരിച്ച് നൽകുന്നതിൽ വളരെ കാലതാമസമുണ്ടായിരിക്കുന്നു. ഞാൻ മനസ്സിലാക്കുന്നത് പരസ്യമായി ടെന്റർ വിളിച്ച ഒരാൾ ലോവസ്റ്റ് റേറ്റിൽ ഫിക്സ് ചെയ്തതിന് ശേഷം ഒരു ഗവൺമെന്റ് കമ്പനി അതിനേക്കാൾ വളരെ ഉയർന്ന നിരക്കിൽ ഞങ്ങൾക്കുവേണമെന്ന അവകാശവാദമുന്നയിച്ചതിൽ ആർക്ക് ആ വർക്ക് കൊടുക്കണമെന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കാതെ ഏതാണ്ട് ആറ് മാസമായി കിടക്കുകയാണ്. ആർക്ക് വർക്ക് കൊടുക്കണമെന്നുള്ളത് എത്രയും പെട്ടെന്ന് തീരുമാനിക്കണം. ആര് വർക്ക് ചെയ്താലും നെൽകൃഷി സംരക്ഷിക്കാൻ ഷട്ടറുകൾ മാറ്റുകയെന്നതാണ് കൃഷിക്കാർക്കും ജനങ്ങൾക്കും ആവശ്യമായിട്ടുള്ളത്. അതുകൊണ്ട് ഇത്രയും കാലതാമസം വന്നിട്ടുള്ളത് ഒഴിവാക്കി ഈ വർക്ക് അവാർഡ് ചെയ്യുകയും അടുത്ത സീസണിലെങ്കിലും ഈ ഷട്ടറുകൾ മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, തണ്ണീർമുക്കം ബണ്ടിന്റെ ആകെയുള്ള 62 ഷട്ടറു കളിൽ 39 എണ്ണം പുതുക്കി സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 23 ഷട്ടറുകൾ പുന:സ്ഥാപിക്കാൻ 20-5-1999-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസ് പ്രകാരം ലോവസ്റ്റ് ടെണ്ടർ അംഗീകരിച്ചതിനുശേഷം കേരള സർക്കാർ സ്ഥാപനമായ കേരള എഞ്ചിനീയറിംഗ് ആന്റ് അലൈഡ് കമ്പനി പ്രസ്തുത ജോലിക്കുള്ള കരാർ അവർക്ക് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് ഒരു നിവേദനം നൽകുകയുണ്ടായി. ഈ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. അതനുസരിച്ച് മേൽപ്പറഞ്ഞ 23 ഷട്ടറുകളുടെ പുനഃനിർമ്മാണം ഈ വർഷം ഡിസംബർ മാസത്തോടുകൂടി ചെയ്തു തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബണ്ടിലെ 30 അടി ലോക്കിന്റെ റിപ്പയർ പണിക്ക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ Inland Water-ways Authority of India ദർഘാസ് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ലോക്കിന്റെ റിപ്പയർ പണികൾ തീർക്കുന്നതാണ്. ശേഷിക്കുന്ന 20 അടി ലോക്കിന്റെ പണിക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(11) കണ്ണൂർ ആശുപത്രിയിൽ ഗർഭിണികളെ പ്രവേശിപ്പിച്ച് ചികിത്സ നൽകാൻ കഴിയാത്തത് സംബന്ധിച്ച്

ശ്രീ. ടി. കെ. ബാലൻ : സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ധാരാളം ഗർഭിണികൾ വരുന്ന ഒരാശുപത്രിയാണിത്. അവിടെ നാല് ഗൈനക്കോളജിസ്റ്റുകൾ ഉണ്ടായിരുന്നു. അതിൽ രണ്ടുപേരെ സ്ഥലം മാറ്റി. ഒരാളെ ട്രെയിനിംഗിന് അയച്ചു. ഒരൊറ്റ ഗൈനക്കോളജിസ്റ്റാണ് രോഗികളെ നോക്കുന്നത്. അതുകൊണ്ടുതന്നെ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly